## 15 -ാം കേരള നിയമസഭ

## 14 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1688** **19-09-2025 - ൽ മറുപടിയ്ക്ക്**

## കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (എ) | കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിടനിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചതിനു ശേഷം, സ്വകാര്യവ്യക്തികൾ നൽകിയ കേസുകൾ കാരണം നിർമ്മാണ നടപടികൾ തടസപ്പെട്ടിരുന്നു. കോടതി കേസ് സർക്കാരിനനുകൂലമായി തീർപ്പാക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിന് നിർദ്ദേശം നൽകിയെങ്കിലും, നിർമ്മാണം ആരംഭിച്ച് വർഷങ്ങൾ കഴിഞ്ഞിരുന്നതിനാൽ, എസ്റ്റിമേറ്റ് പുതുക്കേണ്ട സാഹചര്യമുണ്ടാകുകയും അതിൻപ്രകാരം 73.41 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് പാക്കേജ് അപ്രൂവ് ആകുകയും ചെയ്തിട്ടുള്ളതാണ്. കെട്ടിട നിർമ്മാണത്തിനായി വസ്തുവിന്റെ അതിരുകൾ അളന്ന് മാർക്ക് ചെയ്തു നൽകണമെന്ന് കെ.എസ്.സി.സി. ആവശ്യപ്പെട്ടതിൻ പ്രകാരം താലൂക്ക് സർവ്വേയർ സ്ഥലം നേരിട്ട് പരിശോധിച്ച് അതിരുകൾ മാർക്ക് ചെയ്തിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് കെ.എസ്.സി.സി. യ്ക്ക് സമർപ്പിക്കുന്നതും തുടർന്ന് കിഫ്ബിയിൽ നിന്നും അപ്രൂവൽ ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ